# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീലംപേരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-ALP/P10-25/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീലംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P10-25/2022 തീയ്യതി: 19/03/2022

## ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2020 മുതൽ 30-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 27-12-2021 | 06-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-12-2021 | 06-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ലേഖ.പി.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.രജനി ബാബു | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ശ്രീ.ഷേയ്ക്ക്ബിജു.സി.എസ് | സെക്രട്ടറി | 01-04-2020 | 15-09-2020 |
| ശ്രീമതി.ഗീതമ്മ.എ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-09-2020 | 11-12-2020 |
| ശ്രീ.ഷേയ്ക്ക്ബിജു.സി.എസ് | സെക്രട്ടറി | 12-12-2020 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 11-11-2020 | 20-01-2021 |
| ശ്രീ. ടി.കെ.തങ്കച്ചൻ | പ്രസിഡന്റ് | 21-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ദീപ.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ദിവ്യ ചന്ദ്രൻ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.എലിസബത്ത് രാജൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി.മരിയ തെരേസ പി.ജെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജയ ഭാസ്കർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീമതി.സതീഷ് കുമാർ കെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നീലമ്പേരൂർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജയലക്ഷ്മി ജി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, | 01-04-2020 | 31-03-2021 |
| ശ്രീമതി.മിനികുമാരി കെ.എസ് | ഹെഡ്മിസ്ട്രസ്, ജി.ആർ.വി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗീതമ്മ.എ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.അജിത അനീഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 11-02-2021 |
| ശ്രീ.ഫസലുൾ റഹ്മാൻ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-02-2021 | 31-03-2021 |
| ശ്രീമതി.സിനി എസ് നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
| --- | --- | --- |
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 04-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-1 |
| 2 | ബജറ്റ് അവലോകനം<br>Written By: C.C Jyothimon (Audit Officer, On 04-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-01-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 19-03-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: C.C Jyothimon (Audit Officer, On 07-01-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-01-2022) | 1-4 |
| 7 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.C Jyothimon (Audit Officer, On 05-01-2022)<br>Last Updated By: C.C Jyothimon (Audit Officer, On 05-01-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Lekha (Auditor, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: C.C Jyothimon (Audit Officer, On 04-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-9 |
| 13 | ഓഡിറ്റ് ഇംപാക്ട്-കാലിത്തീറ്റ സബ്സിഡിയിൽ അധികരിച്ച് നൽകിയ തുക തിരികെ ഒടുക്കി<br>Written By: Lekha (Auditor, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-10 |
| 14 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-11 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Lekha (Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-12 |
| 16 | ചെലവ് വിവരങ്ങളും മറ്റ് അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-13 |

| | | |
|---|---|---|
| 17 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല<br>Written By: Lekha (Auditor, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-14 |
| 18 | ക്ഷേമപെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല<br>Written By: Lekha (Auditor, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-15 |
| 19 | ലൈഫ് -തുക കൈപ്പറ്റിയിട്ടും വീട് നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-16 |
| 20 | ചേന്ദങ്കരി ബി.വി.യു.പി സ്കൂൾ മെയിന്റനൻസ്<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-17 |
| 21 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-18 |
| 22 | കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടില്ല<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-19 |
| 23 | കൈനടി പഴയകളം റോഡിന് സംരക്ഷണഭിത്തി നിർമ്മാണം-അധിക നിരക്ക് നൽകി<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-20 |
| 24 | RRM With Cm 1:6 ന് പകരം ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ ഉപയോഗിച്ച് കല്ലുകെട്ടി- അധിക ചെലവ്<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-21 |
| 25 | കാലിവീപ്പയുടെ വില തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യിരിക്കുന്നു<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-22 |
| 26 | മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-23 |
| 27 | ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തില്ല<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-24 |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-25 |
| 29 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഡിസ്പ്ലേ ബോർഡ് തുക നൽകുന്നതിലെ അപാകതകൾ.<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-26 |
| 30 | ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം തുക നൽകി<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-27 |
| 31 | മെറ്റീരിയൽ സപ്ലൈ ചെയ്തതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി നടത്തി- അധിക ചെലവ്<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-28 |
| 32 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022) | 1-29 |

| | | |
|---|---|---|
| | Last Updated By: Rajeev R (Deputy Director, On 26-02-2022) | |
| 33 | സെക്രട്ടറി നിർവഹിച്ച പദ്ധതികൾ രേഖകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-30 |
| 34 | ആദ്യഘട്ടം ചെലവ് ചെയ്ത പ്രോജക്ടുകൾ - പ്രോജക്ട് റിവിഷനിൽ ഉൾപ്പെട്ടില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-31 |
| 35 | കുടിവെള്ള വിതരണം അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-32 |
| 36 | കുടിവെള്ള വിതരണം കരാറുകാരന് അധിക തുക അനുവദിച്ചത്<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-33 |
| 37 | ഒരേ ദിവസം കുടിവെള്ള വിതരണം നടത്തിയതിന് രണ്ട് പ്രോജക്ട് പ്രകാരം തുക നല്കി<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-34 |
| 38 | ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിലേയ്ക്ക് നല്കിയ തുക- തിരികെ ലഭ്യമാവാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 26-02-2022) | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കൈനടി പഴയകളം റോഡിന് സംരക്ഷണഭിത്തി നിർമ്മാണം-അധിക നിരക്ക് നൽകി<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 3-1 |
| 2 | ചേന്ദങ്കരി ബി.വി.യു.പി സ്കൂൾ മെയിന്റനൻസ്-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 3-2 |
| 3 | ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം തുക നൽകി.<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 3-3 |
| 4 | ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തില്ല<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 3-4 |
| 5 | മെറ്റീരിയൽ സപ്ലൈ ചെയ്തതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി നടത്തി-അധിക ചെലവ്<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 3-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല<br>Written By: C.C Jyothimon (Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 3-6 |
| 7 | കുടിവെള്ള വിതരണം അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 3-7 |
| 8 | കുടിവെള്ള വിതരണം കരാറുകാരന് അധിക തുക അനുവദിച്ചത്<br>Written By: Pushparaj V.K (Asst. Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | 3-8 |
| 9 | ഒരേ ദിവസം കുടിവെള്ള വിതരണം നടത്തിയതിന് രണ്ട് പ്രോജക്ട് പ്രകാരം | 3-9 |

| | | |
|---|---|---|
| | തുക നല്കി<br>Written By: Pushparaj V.K (Asst. Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 28-02-2022) | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-01-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 07-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 06-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 07-01-2022)<br>Last Updated By: Rajeev R (Deputy Director, On 02-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 12.3.2020 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 19.2.2021ലെ 1/2 നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| റിവൈസ്ഡ് ബജറ്റ് പ്രകാരം | 5,30,76,868 | 5,36,89,479 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക) | 13,89,87,606 | 14,27,22,034 |

## 1-1-1 ബജറ്റ് അവലോകനം

2020-21 വർഷത്തെ ബജറ്റ് 8.02.2019 ൽ പാസാക്കിയിട്ടുണ്ട്. 19.2.2021ലെ 1/2-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റിൽ തുക വകയിരുത്തിയില്ല

താഴെപ്പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾക്ക് പഞ്ചായത്ത് 2020-21 വർഷത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതായും ചെലവ് ചെയ്തിട്ടില്ലാത്തതായും കാണുന്നു.

| ക്രമ നമ്പർ | ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ഹെഡ് | ഹെഡിന്റെ വിവരണം |
|---|---|---|
| 1. | 2503010 | വ്യവസായ സഹകരണ മേഖല |
| 2. | 2503014 | പരമ്പരാഗത കൈതൊഴിലുകൾ |
| 3. | 2531006 | ആശ്രയ പദ്ധതി |
| 4. | 2516201 | ഊർജ്ജ സംരക്ഷണം |

3.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

4.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ പഞ്ചായത്ത് ബജറ്റ് 2020 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

5.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | 230400101 | വാടക Hire Charges | 60,000/- | 50,000/- | 349445 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/01.01.2022) ലഭ്യമാക്കിയ മറുപടിയിൽ 2022-23 ലെ ബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നതായും, പഞ്ചായത്തിന്റെ പ്രധാനപ്പെട്ട കാര്യങ്ങൾക്ക് വരും വർഷങ്ങളിൽ ഭരണസമിതി തീരുമാനത്തിന് വിധേയമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ ബജറ്റിന്റെ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റേയും ബജറ്റിന്റെ പരിശോധന സംബന്ധിച്ച് ബന്ധപ്പെട്ട പെർഫോമൻസ് ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും അറിയിച്ചു. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികമായി വാഹന വാടകയിനത്തിൽ ചെലവഴിച്ചത് സംബന്ധിച്ച് അധികം ചെലവഴിച്ചുതുക പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ടെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. തനത് ഫണ്ടിൽ നിന്നായാലും പ്ലാൻ ഫണ്ടിൽ നിന്നായാലും ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികം ചെലവഴിക്കാതിരിക്കുവാനും ബജറ്റിന്റെ റിവിഷൻ സമയത്ത് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ DBT ട്രാൻസാക്ഷനുകൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട EKMS ട്രാൻസാക്ഷനുകൾ എന്നിവ കൂടി കണക്കിലെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 14.05.2021 | ഇല്ല | ഇല്ല |

### 1-2-1 വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ

1.നാഷണലൈസ്ഡ് ബാങ്ക്-1 (450210101) എന്ന അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഈ അക്കൌണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

2. സൌത്ത് ഇന്ത്യൻ ബാങ്ക് നീലംപേരൂർ (ഓൺ ഫണ്ട്) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 30.09.2019 | 2639 |

മേൽ അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank എന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 31.01.2020 | 457 |
| 2 | 30.11.2019 | 69782 |
| 3 | 31.03.2021 | 9 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി തുക ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

മേൽ അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Issued But Not Presented Into Bank എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ചെക്കുകൾ കാലാവധിക്കുള്ളിൽ (3 മാസം) മാറിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | ചെക്ക് നം. തീയതി | തുക |
|---|---|---|
| 1 | 015174 /12.11.2020 | 400 |
| 2 | 013125/ 05.08.2020 | 23400 |
| 3 | 013122/ 05.08.2020 | 6844 |

| | | |
|---|---|---|
| 4 | 013646/ 01.07.2020 | 31108 |
| 5 | 013626/ 16.06.2020 | 1800 |
| 6 | 7961/ 08.11.2019 | 1492 |
| 7 | 7962 /15.11.2019 | 44291 |
| 8 | 1962/ 15.11.2019 | 1716 |
| 9 | 7963 /15.11.2019 | 8750 |
| 10 | 7964 /18.11.2019 | 13514 |
| 11 | 4567 /13.08.2019 | 753 |
| 12 | 1896/09.01.2020 | 780 |
| 13 | 1893/ 09.01.2020 | 1750 |
| 14 | 8134/06.02.2020 | 2500 |
| 15 | 8147/14.02.2020 | 300 |
| 16 | 013601/ 11.05.2020 | 8882 |
| 17 | 013577/ 03.04.2020 | 10000 |
| 18 | 8135/ 06.02.2020 | 7000 |
| 19 | 013615/ 03.06.2020 | 4000 |
| 20 | 013619/ 08.06.2020 | 500 |
| 21 | 013621/ 08.06.2020 | 1200 |
| 22 | 960795/ 10.02.2020 | 586 |
| 23 | 8145/ 14.02.2020 | 600 |
| 24 | 013616/ 06.06.2020 | 1650 |
| 25 | 1905/ 17.01.2020 | 270 |
| 26 | 8159/ 04.03.2020 | 1040 |
| 27 | 013646/ 06.07.2020 | 600 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൌണ്ടിലേയ്ക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരുന്നിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3.എസ്.ബി.ഐ കൈനടി- ഇ-പേയ്മെന്റ് 5562 (450210102) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 26.02.2021 | 14216 |
| 2 | 30.06.2020 | 5218 |
| 3 | 17.07.2020 | 814 |
| 4 | 23.12.2020 | 3948 |
| 5 | 28.09.2020 | 3054 |
| 6 | 22.05.2020 | 974 |
| 7 | 22.04.2020 | 395 |
| 8 | 29.01.2021 | 13044 |
| 9 | 23.11.2020 | 2134 |
| 10 | 08.09.2020 | 100000 |
| 11 | 27.08.2020 | 2190 |
| 12 | 30.10.2020 | 8124 |

| | | |
|---|---|---|
| 13 | 31.03.2021 | 7910 |

മേൽ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank എന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 18.05.2020 | 5 |
| 2 | 31.03.2020 | 209 |
| 3 | 12.03.2021 | 655 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി തുക ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

4.സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകളുടെ വാർഷിക കണക്ക് പ്രകാരമുള്ള തുകകളും എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു. ഇതിന്റെ കാരണം താഴെപ്പറയുന്ന പ്രോജക്റ്റുകളൊന്നും തന്നെ സുലേഖയിൽ നിന്നുള്ള എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടു വരാത്തതിനാലാണ്.

| ക്രമ നം. | എ.സി.ആർ പ്രകാരമുള്ള പ്രോജക്റ്റിന്റെ പേര് പ്രോജക്റ്റ് നം. | തുക | ഫണ്ട് | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ (178) | 35455 | വികസന ഫണ്ട് ജനറൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 2 | കുടിവെള്ള വിതരണം (28) | 1298804 | ധനകാര്യ കമ്മീഷൻ അവാർഡ് | സെക്രട്ടറി |
| 3 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം (150) | 204041 | ധനകാര്യ കമ്മീഷൻ അവാർഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 4 | ഫോർമേഷൻ ഓഫ് പുതിയറ റോഡ് (165) | 10573 | ധനകാര്യ കമ്മീഷൻ അവാർഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 5 | വില്ല്യാർവട്ടം പള്ളി റോഡ് ടാറിംഗ് (121) | 489812 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 6 | മെനുവന്തറ ചിറയിൽ റോഡ് കോൺക്രീറ്റിംഗ് (169) | 49369 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 7 | തൈത്തറ തെക്കുട്ടിശ്ശേരി റോഡ് ഉയർത്തൽ (166) | 16012 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 8 | 3-ാം വാർഡിലെ വിവിധ | 26388 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| | നടപ്പാതകൾ കോൺക്രീറ്റിംഗ് (170) | | | |
| 9 | 7-ാം വാർഡിൽ ആറ്റുപറ മുതൽ പെരുവന്താനം വരെയുള്ള ഗ്രാമീണ ജലസേചന പദ്ധതി പൂർത്തീകരിക്കൽ | 100000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | അസിസ്റ്റന്റ് എഞ്ചിനീയർ |

5.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം Festival Advance ഇനത്തിൽ 15000/-രൂപ ആസ്തിയായി കാണിച്ചിരിക്കുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുൻവർഷത്തേതുൾപ്പെടെ ആകെ 30000/-രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

6.അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് റ്റു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ്, അഡ്വാൻസ് റ്റു അദേഴ്സ് എന്നിവയുടെ വിവരം ശരിയായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

6.റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-34 പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് (കാൻഡിഡേറ്റ്) എന്നയിനത്തിൽ 61231/-രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള വരവ് 61000/-രൂപയാണ്.

7.റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-36 പ്രകാരം Advance Collection Of Revenues License Fees For Dangerous & Offensive Trades (Current) ഇനത്തിൽ 9000/-രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ ഈയിനത്തിൽ 8500/-രൂപ മാത്രമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

8.ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

9.റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-1 പ്രകാരം Profession Tax-Employees ഇനത്തിൽ 452590/-രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ ഈയിനത്തിൽ 477090/-രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു.

10.ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Profession Tax-Employees ഇനത്തിൽ 477090/-രൂപയാണ് ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ ഈയിനത്തിൽ 499270/-രൂപ ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നു.

11.ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 22180/-രൂപ തൊഴിൽ നികുതിയിനത്തിൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം ഈയിനത്തിൽ തുക ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

12.റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-32 പ്രകാരം Secured Loans ഇനത്തിൽ തൻവർഷം 660000/-രൂപയുടെ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 160000/-രൂപ മാത്രമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

13. ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവിനത്തിൽ തൻവർഷത്തെ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്ത തുക (980196/-രൂപ) ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(a)-യിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

14.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം Secured Loans ഇനത്തിൽ 17440000/-രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ലോൺ തുക 11793333/-രൂപയെന്ന് കാണുന്നു.

15.വസ്തു നികുതി ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
16.ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിൽ 01.04.2021-ൽ 4589419/- രൂപ മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു. ടി തുകയിൽ പ്രൊഡക്ഷൻ ഇൻസന്റീവ് ഇനത്തിലുള്ള 3518000/-രൂപയും, തൊഴിൽ രഹിത വേതനമിനത്തിലുള്ള 6360/-രൂപയും ഉൾപ്പെട്ടിരിക്കുന്നു.

17.വാർഷിക കണക്ക് പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവു കണക്കുകളും ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള വരവ്- 55776487

എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം-55306795

18.ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം വിവിധ ക്ഷേമപെൻഷൻ ഇനത്തിൽ തൻവർഷം രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ സേവനയിൽ നിന്നുള്ള റിപ്പോർട്ടുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | സേവനയിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരമുള്ള തുക |
|---|---|---|
| National Old Age Pension | 10713200 | 16181900 |
| Pension For Agricultural Workers | 13651200 | 20320500 |
| Widow Pension | 5683300 | 8347500 |
| Pension For Unmarried Woman Aged Above 50 | 201100 | 306100 |
| Pension For Physically/Mentally Challenged | 2262400 | 3358400 |

19.തൻവർഷത്തെ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions Towards Joint Venture Projects From District Panchayaths എന്നയിനത്തിൽ 544200/-രൂപ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പദ്ധതി ചെലവ് പത്രിക പ്രകാരം ഈ ഇനത്തിലുള്ള ചെലവ് 404600/-രൂപയാണ്.

20.തൻവർഷത്തെ ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions Towards Joint Venture Projects From Block Panchayaths എന്നയിനത്തിൽ 1905110/-രൂപ ചെലവിനായുള്ള വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പദ്ധതി ചെലവ് പത്രിക പ്രകാരം ഈ ഇനത്തിലുള്ള ചെലവ് 1564073/-രൂപയാണ്.

21.സംയുക്ത പ്രോജക്ടുകൾക്കായി വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരവു ചെലവുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9283647 |
| വരവ് | 59055298 |
| ആകെ | 68338945 |
| ചെലവ് | 60229717 |
| നീക്കിയിരിപ്പ് | 8109228 |
| വരവിനങ്ങളിലെ നഷ്ടം | 00 |
| ചെലവിനങ്ങളിലെ നഷ്ടം | 950459 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1948052 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 14022259 | 14022259 | 1651741 | 11492330 | 2529929 |
| വികസന ഫണ്ട് (എസ്.സി.പി.) | | 3341745 | 3341745 | 29255 | 2478559 | 863186 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 118000 | 118000 | -- | -- | 118000 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 10710000 | 10710000 | -- | 9260405 | 1449595 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 3456681 | 3456681 | 35319 | 2249009 | 1207672 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് ഗ്രാന്റ്) | | 4360000 | 4360000 | -- | 1400842 | 2959158 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ് ബേസിക് ഗ്രാന്റ്) | | 9528471 | 9528471 | -- | 6072262 | 3456209 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (1651741/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഡിഡക്ഷൻ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ് ചെലവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 14022259 | 14022259 | 13108916 | 913343 |
| യഥാർത്ഥ തുക | 0 | 15674000 | 15674000 | 13144071 | 2529929 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (29255/-രൂപ) കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ തുക കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 3341745 | 3341745 | 2507814 | 833931 |
| യഥാർത്ഥ തുക | 0 | 3371000 | 3371000 | 2507814 | 863186 |

3.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മെയിന്റനൻസ് ഫണ്ട് (റോഡിതരം) വരവ് ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (35319/-രൂപ) കഴിച്ചുള്ള തുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 3456681 | 3456681 | 2249009 | 1207672 |
| യഥാർത്ഥ തുക | 0 | 3492000 | 35319 | 2284328 | 1207672 |

4.മെയിന്റനൻസ് ഫണ്ടിൽ(റോഡ്) നിന്നുള്ള ചെലവ് രേഖപ്പെടുത്തിയ പ്രോജക്ട് പ്രോജക്ട് റിവിഷനിൽ ഡ്രോപ്പ് ചെയ്തതിനാൽ സുലേഖ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാതെ വരികയും തന്മൂലം ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത ഫണ്ടിന്റെ ചെലവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 10710000 | 10710000 | 8678824 | 2031176 |
| യഥാർത്ഥ തുക | 0 | 10710000 | 10710000 | 9260405 | 1449595 |

5.പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് (റൈഡ്) ഫണ്ടിൽ നിന്നുള്ള ചെലവ് രേഖപ്പെടുത്തിയ പ്രോജക്ട് പ്രോജക്ട് റിവിഷനിൽ ഡ്രോപ്പ് ചെയ്തതിനാൽ സുലേഖ എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാതെ വരികയും തന്മൂലം ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത ഫണ്ടിന്റെ ചെലവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 4360000 | 4360000 | 102038 | 4267962 |
| യഥാർത്ഥ തുക | ० | 4360000 | 4360000 | 1400842 | 2959158 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 66618438 | 126 | 35605041 | - | 53 | 70.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 268927 | 997246 | 1266173 | 1254157 | 12016 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 54052638 | 54052638 | 54052638 | |

വാർഷിക കണക്കും എൻ.ആർ.ഇജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടായിരുന്നതിനാൽ എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4800 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 20320500 | 931 |
| വിധവാ പെൻഷൻ | 8347500 | 365 |
| വാർദ്ധക്യകാല പെൻഷൻ | 16181900 | 779 |
| വികലാംഗ പെൻഷൻ | 3358400 | 154 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 306100 | 14 |
| വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം | 120000 | 4 |

വാർഷിക കണക്കും സേവനയിൽ നിന്നുള്ള ക്ഷേമ പെൻഷൻ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടായിരുന്നതിനാൽ സേവനയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 27.12.2021, 3pm-ന് നടത്തുകയുണ്ടായി. പരിശോധനയിൽ 5774/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4.പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ തികഞ്ഞ അലംഭാവം ഉള്ളതായി കാണുന്നു. വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വരവുകൾ കൃത്യമായി വരവ് വയ്ക്കുന്നതിലും, സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ ചെലവുകൾ രേഖപ്പെടുത്തുന്നതിലും ഉള്ള വീഴ്ചകൾ ഏതാനും ഉദാഹരണം മാത്രം. വാർഷിക കണക്കിലെ ന്യൂനതകൾ വിശദമായി ഖണ്ഡിക 1-2-1-ൽ പ്രതിപാദിച്ചിട്ടുണ്ട്. പുതുതായി സ്ഥാനക്കയറ്റം ലഭിച്ച് വരുന്ന അക്കൌണ്ടന്റ്മാർക്ക് ഇൻഫർമേഷൻ കേരള മിഷനിൽ നിന്നുള്ള അക്കൌണ്ടന്റ് കം ഐ.റ്റി എക്സ്പർട്ടിന്റെ മതിയായ സഹായം ലഭിച്ചിട്ടില്ലായെന്ന് അക്കൌണ്ട്സിലെ ന്യൂനതകളിൽ നിന്നും ബോധ്യമാവും. ലൈഫ് വായ്പയിനത്തിൽ എടുത്ത തുകകൾ തിരിച്ചടച്ച തുകകൾ എന്നിവ പോലും കൃത്യമായി രേഖപ്പെടുത്തപ്പെടുത്തുന്നില്ലായെന്നത് ഈ വിഷയത്തിലെ ഗൌരവം വർദ്ധിപ്പിക്കുന്നു. ഈ വിഷയത്തിൽ ഉചിതമായ പരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഓഡിറ്റ് ഇംപാക്ട്-കാലിത്തീറ്റ സബ്സിഡിയിൽ അധികരിച്ച് നൽകിയ തുക തിരികെ ഒടുക്കി

ഡയറി ഫാം ഇൻസ്ട്രക്ടർ 2020-21 ൽ നിർവഹണം നടത്തിയ S0040/21 എന്ന പ്രോജക്ടിലുൾപ്പെടുത്തി ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി ഈരാ ക്ഷീരോല്പ്പാദക സഹകരണ സംഘത്തിന് 356000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) രൂപ നൽകിയതിൽ 9 ക്ഷീര കർഷകർക്കായി അധികം നൽകിയ 15912/- രൂപ ഓഡിറ്റ് എൻക്വയറി (നം.18/4.1.2022) നൽകിയതിനെ ഉടർന്ന് രസീത് നം.121080101316 പ്രകാരം 4.1.2022-ൽ തിരികെ ഒടുക്കി. പ്രസ്തുത തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിലേക്ക് തിരികെ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം, വകുപ്പ് 232 പ്രകാരം പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

1)മാവേലി സ്റ്റോർ നീലംപേരൂർ

2)ഈര ക്ഷീരോൽപ്പാദക സഹകരണ സംഘം

3)റേഷൻ കടകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തിയുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | വാർഡ് നം./കെട്ടിട നം. | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|---|---|---|
| 1 | 4/157 | എൻ.യുആൻഡ്രൂസ്, ഡിവൈൻ റബ്ബർ പ്രൊഡക്ട്സ്,ഈര | 255HP | 2000/- 20080100017/11.5.2020 | 2550/- |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.3/1.1.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല.

1)താഴെ കൊടുത്തിരിക്കുന്നവരുടെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം /ജീവനക്കാർ |
|---|---|
| 1 | ബഡ്സ് സ്കൂൾ ഫിസിയോ തെറാപ്പിസ്റ്റ് |
| 2 | മാവേലി സ്റ്റോർ ജീവനക്കാർ |
| 3 | ഈര ക്ഷീരോല്പ്പാദക സഹകരണ സംഘം ജീവനക്കാർ |

| | |
|---|---|
| 4 | പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ |
| 5 | വിവിധതരം പ്രവൃത്തികൾ കരാർ പ്രകാരം ഏറ്റെടുത്തു നടത്തുന്ന കരാറുകാർ |

. നീലം പേരൂർ പി.എച്ച്.സി.യിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ലഭിച്ചിട്ടില്ല.

2)താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ലഭിച്ചിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | എസ്.ബി.ഐ, കൈനടി | II |
| 2 | സൌത്ത് ഇൻഡ്യൻ ബാങ്ക് നീലംപേരൂർ | I |
| 3 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കൈനടി 3814 | I & II |
| 4 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നീലംപേരൂർ | I & II |
| 5 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ചെറുകര 1723 | I &II |
| 6 | മാവേലി സ്റ്റോർ | I & II |
| 7 | ക്ഷീരോല്പ്പാദക സഹകരണസംഘം ഈര | I & II |

3)ഡിവൈൻ റബ്ബർ പ്രോഡക്ട്സ്, ഡിവൈൻ മാർക്കറ്റിംഗ്, മരിയ റബ്ബർ പ്രോഡക്ട്സ്, ഐശ്വര്യ റബ്ബേഴ്സ് തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളിൽ ഒന്നിലധികം തൊഴിലാളികൾ ജോലി ചെയ്യുന്നതായാണ് ലൈസൻസിനുള്ള അപേക്ഷകളിൽ സൂചിപ്പിച്ചിരിക്കുന്നത്. ഈ സ്ഥാപനങ്ങളെ ഡിമാന്റിലുൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും നികുതി ഈടാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2/1.1.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

.

.

## 1-13 ചെലവ് വിവരങ്ങളും മറ്റ് അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്കായി സുലേഖ ചെലവ് പത്രിക പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവ് വിവരങ്ങളും മറ്റ് അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ട്രഷറി ബിൽബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കാതിരുന്നതിനാൽ ബിൽ നമ്പർ, ചെലവ് ചെയ്ത തീയതി എന്നിവ ലഭ്യമല്ല.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ഫണ്ടിനം | ചെലവ് തുക | ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
|---|---|---|---|---|---|
| 1 | 115/21 പി.എച്ച്.സി ആശുപത്രിയുടെ അനുബന്ധ ചെലവുകൾ | 75000 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 75000/- | - |

ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 75000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/4.1.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-14 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

S0160/20-21-ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ-300000/-

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണം ചെയ്ത പദ്ധതിയിൽ വിവിധയിനം മരുന്നുകൾക്കായി ഹോംകോയിലേക്ക് ബിൽ പ്രകാരം തുക പിൻവലിച്ച് പ്രോഫോർമ ഇൻവോയിസ് നം. PF 3 Dt 18.4.2020 പ്രകാരം 3 ലക്ഷം രൂപ നൽകിയെങ്കിലും താഴെ കൊടുത്തിരിക്കുന്ന ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

| ക്രമ നം. | ബിൽ നം.,/തീയതി, ബിൽ തുക | ഇൻവോയിസ് നം./തീയതി | തുക | കിട്ടാനുള്ള മരുന്നുകളുടെ തുക |
|---|---|---|---|---|
| 1 | BRN20060452019900402001/ 7.8.2020 300000/- | LF2274/6.2.2021 | 97662/- | 50958/- |
| 2 | | LF-1618/9.11.2021 | 151380/- | |
| ആകെ | | | 249042/- | |

50958/- രൂപയ്ക്കുള്ള മരുന്നു ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.5/3.1.2022) നൽകിയതിന് 50958/- രൂപയുടെ മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടു ണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. മരുന്ന് ലഭ്യമാകുന്നതുവരെ 50958/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 ക്ഷേമപെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല

പഞ്ചായത്തിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങളും മരണപ്പെട്ടവരുടെ വിവരങ്ങളും ഒത്തുനോക്കിയതിൽ താഴെ കൊടുത്തിരിക്കുന്നവരുടെ പെൻഷൻ നാളിതുവരെ സസ്പെൻഡ് ചെയ്തിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പേര് | മരിച്ച/ റിപ്പോർട്ട് തീയതി | ആധാർ നം. | പെൻഷൻതരം/ ഐഡി/അക്കൗണ്ട് മോഡ് | അനർഹമായ കാലയളവ്/ നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പൊന്നപ്പൻ.ടി.സി, കൊരച്ചംവേലിൽ | 21.4.2020/ 8.5.2020 | 806508682154 | കർഷകത്തൊഴിലാളി പെൻഷൻ/104600101380 SBI,a/c 20232643041 | 5/2020 മുതൽ 8/2021 വരെ 23330/-രൂപ 9/2021 ൽ അക്കൌണ്ട് ക്ലോസ് ചെയ്തിട്ടുണ്ട്. |
| 2 | സുഭദ്രാ രാമകൃഷ്ണൻ,സിന്ധു ആലയം | 3.8.2020/ 24.9.2020 | 924268351765 | ,,104600100885 SBI,a/c 30119480831 | 9/20 മുതൽ 12/2021 വരെ 24500/- |
| 3 | തങ്കമ്മ, കളരിക്കപ്പറമ്പ് | 11.10.2020 27.10.2020 | 441657764234 | വാർദ്ധക്യകാല പെൻഷൻ/ 104600200034 SBI,a/c 67354252426 | 11/20-12/21 21900/- |
| 4 | കൃഷ്ണപിള്ള, ദേവി നിവാസ് | 5.10.2020./ 5.11.2020 | 661921500769 | കർഷകത്തൊഴിലാളി പെൻഷൻ/ 104600100392 SBI,a/c 67352754733 | 11/20-12/21 21700/- |
| 5 | ദാക്ഷായണിഅമ്മ, കിളിയൻകാവ് കിഴക്കേമഠം | 26.10.20/ 23.11.20 | 793788824220 | വാർദ്ധക്യകാലപെൻഷൻ/ 104600200858 Grameen Bank,a/c 40568101013649 | 11/20-12/21 21900/- |
| 6 | കുഞ്ഞമ്മ ദാസ്, സൌമ്യ സദനം | 29.11.20/ 30.12.20 | 234019609487 | കർഷകത്തൊഴിലാളി പെൻഷൻ 104600101391 Federal Bank ,A/c 10530100125271 | 12/20-12/21 21300/- |
| | ആകെ | | | | 134600/- |

ഡിബിടി വിവരങ്ങൾ പ്രകാരം ക്രമ നം1 -ൽ സൂചിപ്പിച്ചിട്ടുള്ള പൊന്നപ്പൻ.ടി.സി.യുടെ അക്കൌണ്ട് 9/2021 ൽ ക്ലോസ് ചെയ്തിട്ടുണ്ടെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ 12/2021 വരെയുള്ള പെൻഷൻ തുക ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. ഇത് തിരികെ കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ടോ എന്ന വിവരം ലഭ്യമല്ല

| ക്രമ നം. | പേര് | മരിച്ച/ റിപ്പോർട്ട് തീയതി | ആധാർ നം. | പെൻഷൻതരം/ ഐഡി/അക്കൌണ്ട് മോഡ് | അനർഹമായ കാലയളവ്/ നൽകിയ തുക |
|---|---|---|---|---|---|
| 1 | കാർത്ത്യായനി മുപ്പതിൽച്ചിറ | 28.10.2020/ 23.11.2020 | 735687552869 | കർഷകത്തൊഴിലാളി പെൻഷൻ /104600100945 | 11/2020മുതൽ 12/2021 വരെ 21700/-രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | ഡയറക്റ്റ് ടു ഹോം | സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട് |
| 2 | മീനാക്ഷി ചമ്മാംകോട് | 29.10.2020/ 30.12.2020 | 768149656221 | ,,104600100057 ഡയറക്റ്റ് ടു ഹോം | 11/20 മുതൽ 12/2021 വരെ 21700/-രൂപ സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ട് |
| | ആകെ | | | | 43400/- |

മേൽ സൂചിപ്പിച്ചിട്ടുള്ളവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അന്തരവകാശികൾ കൈപ്പറ്റിയിരിക്കുന്ന 134600/-രൂപ തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? സഹകരണ ബാങ്കിന് കൈമാറിയ തുക കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലെക്ക് തിരികെ അടച്ചതിന്റെ രേഖകൾ ലഭിച്ചിട്ടുണ്ടോ? എന്നീ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17/4.1.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സഹകരണ ബാങ്കിന് കൈമാറിയിരിക്കുന്ന തുകകൾ ഗുണഭോക്താവിന്റെ പേര്, പെൻഷൻ അനർഹമായി കൈപ്പറ്റിയ കാലയളവ്, കൈപ്പറ്റിയ തുക എന്നിവ കേരള ബാങ്കിലേക്ക് തിരിച്ചടച്ച തുകയുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നാളിതുവരെ സസ്പെൻഡ് ചെയ്യാത്തവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതും അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി തുക (134600/-രൂപ) തിരികെ ഈടാക്കി കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് ഒടുക്കുവരുത്തിയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

മരണപ്പെട്ടവരയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാ തിരിക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്. സർക്കുലർ നം. എസ്.എഫ്.സി.ബി 2/53/2020 ധന.തീയതി 23.09.2020 പ്രകാരം പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽ നിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവന ഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം 97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

- പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
- മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.
- പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

അനന്തരാവകാശികൾ കൈപ്പറ്റിയിരിക്കുന്ന 134600/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതുവരെ ടി തുക സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-16 ലൈഫ് -തുക കൈപ്പറ്റിയിട്ടും വീട് നിർമ്മാണം പൂർത്തിയാക്കിയില്ല

2018-19- ലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി താഴെ പറയുന്ന ഗുണഭോക്താക്കൾ രണ്ട് ഗഡു തുക കൈപ്പറ്റി മാസങ്ങൾക്കു ശേഷവും നിർമ്മാണം പൂർത്തീകരിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | ബിൽ നമ്പർ/ ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|---|
| 87/2019 | ശ്രീമതി.അമ്പിളി മനോജ് | 8 | 1/18-19 /09.07.2018<br>698511/SBI /Kainadi | 40000<br>160000 |
| 87/2019 | ശ്രീമതി.സാലിമോൾ ഷാജി | 1 | 29/18/27.07.2018<br>66/21/26.03.2021 | 40000<br>160000 |

ഗുണഭോക്താക്കളും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥപ്രകാരം കരാർ തീയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ടി ഗുണഭോക്താക്കൾ രണ്ട് ഗഡു കൈപ്പറ്റി നാളുകൾക്കുശേഷവും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06/03.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇവർ പ്രവർത്തി ചെയ്യുന്നുണ്ട് എന്നുറപ്പാക്കുവാനും അല്ലാത്ത പക്ഷം കരാറിൽ പരാമർശിച്ച പ്രകാരം പലിശ സഹിതം തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ചേന്ദങ്കരി ബി.വി.യു.പി സ്കൂൾ മെയിന്റനൻസ്

12 Mm പ്ലാസ്റ്ററിംഗ് അനുവദനീയമായതിലും അധികം അളവിൽ മൂല്യനിർണ്ണയം നടത്തി.

പ്രോജക്റ്റ് നമ്പർ- 148/21

ചേന്ദങ്കരി ബി.വി.യു.പി സ്കൂൾ മെയിന്റനൻസ്

കരാറുകാരൻ - ശ്രീ. ടോജോ ദേവസ്യ

അടങ്കൽ 246791/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അളവ് പുസ്തകം നമ്പർ 109/1920

ബിൽ നമ്പർ- 23/22.5.20, 246791/-

ആകെ മൂല്യം-246791/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ 8-ാം ഇനമായി മതിൽ നിർമ്മാണത്തിന് ഫൗണ്ടേഷനായി ഡി.ആർ മേസണറി താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

28.35x0.45x0.65 = 8.292

21.90x0.45x0.65 =6.405 ആകെ 14.697$m^3$

ആറാമിനമായി അളവ് പുസ്തകം പുറം 6 പ്രകാരം സോളിഡ് ബ്ലോക്ക് മേസണറി താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

20x0.15x1.75 =5.25

27x0.15x1.75 =7.08

പില്ലർ 18x0.30x0.15x1.75 =1.417 ആകെ 13.747$m^3$ ചെയ്തതിന് 13.897$m^3$ എന്ന് അളവ് തെറ്റായി രേഖപ്പെടുത്തി 5522.38/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.

കൂടാതെ ഏഴാമിനമായി 12 Mm സിമന്റ് പ്ലാസ്റ്ററിംഗ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

Inside- 1x50.25x1.75 =87.93

Pillar -18x0.3x1.75 =9.45

Outside-1x50.25x1.75 =87.93

End Side Pillar-2x0.3x1.75 =1.05

Top-1x50.25x0.15 =7.537 ആകെ 193.897$m^2$ ചെയ്തത് 187.085 $M^2$ൽ പരിമിതപ്പെടുത്തി 268.94/$m^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ ആറാമിനം പ്രവൃത്തി ചെയ്ത അളവിനേക്കാൾ കൂടുതൽ അളവിൽ ഏഴാമിനമായ 12mm പ്ലാസ്റ്ററിംഗും എട്ടാമിനമായ ഫിനിഷിംഗ് വാൾസ് വിത്ത് വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് എന്ന പ്രവൃത്തിയും ചെയ്തതായി കാണുന്നു.

12 Mm പ്ലാസ്റ്ററിംഗ് ചെയ്യാവുന്ന അളവ് താഴെ പറയുന്നു

Inside And Outside- 2x47x1.75 =164.50

Pillar -18x0.3x1.75 =9.45

End Side Pillar-2x0.15x1.75 =0.525

Pillar Top- 18x0.3x0.15= 0.81

Top- 1x47x0.15 =7.05 ആകെ 182.335$m^2$ ഇപ്രകാരം ഈയിനത്തിന് അനുവദിക്കാവുന്ന തുക (182.335$m^2$ X268.94/$m^2$), 49037/- രൂപയാണ്. എന്നാൽ ഈയിനത്തിന് 50315/- (187.085x268.94/$m^2$) രൂപ അനുവദിച്ചതിനാൽ അധികമായി 1278/- രൂപ നൽകിയിട്ടുണ്ട്.

അതുപോലെ എട്ടാമിനമായ ഫിനിഷിംഗ് വാൾസ് വിത്ത് വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് എന്ന പ്രവൃത്തിക്ക് അനുവദിക്കാവുന്ന അളവ് 182.335$m^2$ മാത്രമാണ്. എന്നാൽ ഈയിനത്തിനും 187.085$m^2$ ന് 87.44/$m^2$ നിരക്കിൽ മൂല്യനിർണ്ണയം നടത്തുകവഴി 416/-രൂപ [(187.085-182.335)x 87.44/m2], അധികം നൽകിയിട്ടുണ്ട്. ഇപ്രകാരം ആകെ അധികം നൽകിയ 1694/- ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/3.1.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-18 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112-1, 2016-1 എന്നിവ പ്രകാരം ഫൈൻ ഈടാക്കിയിട്ടില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ചു നൽകുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി2/223/15ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് 1%നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും 2% നിരക്കിലും ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തീയതി, കാലയളവ് | എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | കാല താമസം | ഈടാക്കേണ്ട ഫൈൻ | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|
| 1 | 214/21 പിഡബ്ല്യു.ഡി റോഡ് മുതൽ കുമരകത്ത് റോഡ് നിർമ്മാണം | റെജിമോൻ ഏലിയാസ് 535393/- | 20.5.20 3മാസം | 19.8.20 | 30.11.20 | 3മാസം | 535393x1% = 5354 | 47/15.1.21 599272/- |
| 2 | 190/21, 83-ാംഅംഗനവാടി മെയിന്റനൻസ് | മധുസൂദനൻ 149547 | 12.9.18 7മാസം | 11.4.2019 | 28.1.2021 | 21മാസം | 12.4.19 മുതൽ 11.7.19 വരെ- 149547x1%= 1495 | 68/31.3.21 135099/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | 12.7.19 മുതൽ 11.10.19 വരെ- 149547x2%= 2990 | |
| | | | | | | | 12.10.19 മുതൽ 11.1.20 വരെ- 149547x2%= 2990 | |
| | | | | | | | 12.1.20 മുതൽ 11.4.20 വരെ- 149547x2%= 2990 | |
| | | | | | | | 12.4.20മുതൽ 11.7.20 വരെ- 149547x2%= 2990 | |
| | | | | | | | 12.7.20 മുതൽ 11.10.20 വരെ- 149547x2%= 2990 | |
| | | | | | | | 12.10.20 മുതൽ 11.1.21 വരെ- 149547x2%= 2990 | |
| | | | | | | | ആകെ-19435 | |
| 3 | 200/21ശ്മശാനം റോഡ് മെയിന്റനൻസ് | എബ്രഹാം 211376 | 31.8.2019 6മാസം | 29.2.20 | 3.2.21 | 1 വർഷം | 1.3.20 മുതൽ 30.5.20 വരെ 211376x1%- 2114 | 61/26.3.21 |
| | | | | | | | 1.6.21 മുതൽ 30.8.20 വരെ 211376x2%- 4228 | |
| | | | | | | | 1.9.21 മുതൽ 30.11.20 വരെ 211376x2%- 4228 | |
| | | | | | | | 1.12.21 മുതൽ 3.2.21 വരെ (211376x2%x65)÷90 =3053 | |
| | | | | | | | ആകെ-13623 | |

മേൽ സൂചിപ്പിച്ച വിധം ഫൈൻ ഇനത്തിൽ ഈടാക്കുവാനുള്ള 38412/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (13/3.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-19 കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടില്ല

നീലമ്പേരൂർ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ്/പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 238രൂപ നിരക്കിൽ ഈടാ ക്കേണ്ട തുക | 18% നിരക്കിൽ ഈടാ ക്കേണ്ട ജി.എസ്.ടി | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|
| 1 | 146/20 ചെറുകര വായനശാല സൊസൈറ്റി റോഡ് ടാറിംഗ് | വി.ഡി.സനൽകുമാർ | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9 ബാരൽ | 2142 | 386 | 9/17.4.20, 399932/- |
| 2 | 152/21 പുഞ്ചായിൽ റോഡ് ടാറിംഗ് | വി.ഡി.സനൽകുമാർ | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10 ബാരൽ | 2380 | 428 | 5/22.4.20 |
| | ആകെ | | | | 4522 | 814 | |

മേൽ സൂചിപ്പിച്ചവിധം കാലിവീപ്പയുടെ വിലയിനത്തിൽ കുറവ് വന്ന 4522/-രൂപയും ജി.എസ്.ടി ഇനത്തിൽ കുറവ് വന്ന 814/- രൂപയും ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (9/3.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-20 കൈനടി പഴയകളം റോഡിന് സംരക്ഷണഭിത്തി നിർമ്മാണം-അധിക നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത താഴെപ്പറയുന്ന സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3 (സ്പെസിഫിക്കേഷൻ കോഡ് -11.1.1.1) ആണ്. ഇത് എർത്ത് വർക്ക് എസ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് എന്നതിനുള്ള നിരക്കാണ്. ഡ്രെയിൻ നിർമ്മാണത്തിനും സംരക്ഷണ ഭിത്തി നിർമ്മാണത്തിനുമുള്ള എർത്ത് വർക്ക് എസ്കവേഷന് അനുവദനീയമായ നിരക്ക് 259.29/$m^3$ (സ്പെസിഫിക്കേഷൻ കോഡ് -3.5.1) ആണ്. ഉയർന്ന നിരക്ക് അനുവദിച്ചത് അധികം ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ സാങ്കേതികാനുമതി നമ്പർ | കരാറുകാരൻ | അനുദിച്ച തുക/അളവു പുസ്തകം | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 174/20, കൈനടി പഴയകളം റോഡിന് സംരക്ഷണഭിത്തി നിർമ്മാണം 49275/2019-20 തീയതി 01-09-2019 | പ്രദീപ് കുമാർ | 26.179m$^3$ @553.17 =14481 118/19-20 | 26.179m$^3$ @259.29 = 6788 | 7693 | ബിൽ നം. 67/31-03-21, 392125/- |
| | | | ആകെ | | 7693 | |
| | | | 12% GST | | 923 | |
| | | | മൊത്തം | | 8616 | |

അധികം നൽകിയ 8616/-രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (11/3.1.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-21 RRM With Cm 1:6 ന് പകരം ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ ഉപയോഗിച്ച് കല്ലുകെട്ടി- അധിക ചെലവ്

ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 19-09-2016 ലെ 78/2016/fin നമ്പർ സർക്കുലർ പ്രകാരം RRM With Cm 1:6 ന് പകരം ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ ഉപയോഗിച്ചുള്ള കല്ലുകെട്ട് സാമ്പത്തിക നഷ്ടത്തിനും പൊതുപണത്തിന്റെ ദുരുപയോഗമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 174/20, കൈനടി പഴയകളം റോഡിന് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയിൽ RRM With Cm 1:6 ന്റ പകരം RRM In Cm 1:4 ചെയ്തത് അധികച്ചെലവിനിടയാക്കി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/3.1.22) മറുപടി ലഭ്യമാക്കിയില്ല. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 19-09-2016 ലെ 78/2016/fin നമ്പർ സർക്കുലറിലെ നിർദ്ദേശം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 കാലിവീപ്പയുടെ വില തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു

നീലമ്പേരൂർ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281/-രൂപ നിരക്കിൽ ഈടാക്കിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 242/21 വില്ല്യാർവട്ടം മുതൽ ഹോളിഫാമിലി വരെ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8 ബാരൽ | 2272 | 49/30.1.21, 299684/- |
| 2 | 214/21പി.ഡബ്ല്യു.ഡി റോഡ് മുതൽ കുമരകത്ത് റോഡ് നിർമ്മാണം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17.55 ബാരൽ | 4932 | 47/15.1.21, 599272 |

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുപോലെ തൻവർഷവും ഇതിന് മുമ്പുള്ള വർഷങ്ങളിലും കാലിവീപ്പയുടെ വിലയിനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് തനത് ഫണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/3.1.22) മറുപടി ലഭ്യമാക്കിയില്ല.

## 1-23 മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം

പ്രോജക്ട് നമ്പർ- 0200/21

ശ്മശാനം റോഡ് മെയിന്റനൻസ്

അടങ്കൽ-237000 മെയിന്റനൻസ് ഗ്രാന്റ്.

കരാറുകാരൻ- സി.എബ്രഹാം

2019-20 ൽ പ്രോജക്ട് നമ്പർ 68/20 ആയി അംഗീകാരം വാങ്ങുകയും 211376/-രൂപ പി.എ.സിയായി അംഗീകരിച്ച് കരാറുകാരനായ ശ്രീ.സി.എബ്രഹാം 31.8.2019-ൽ എഗ്രിമെന്റ് വെച്ച് (16/AE/NPR/19-20), സൈറ്റ് കൈമാറിയിട്ടുള്ളതാണ്. ഇത് പ്രകാരം പൂർത്തീകരണ കാലയളവ് 6 മാസമാണ്. അതായത് പ്രവൃത്തി 29.2.2020 നുള്ളിൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ അളവ് പുസ്തകം പുറം 6 ലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് 03.02.2021-ൽ ആണ്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ അനുസരിച്ച് മേൽ പ്രവൃത്തി തുടങ്ങാനിരിക്കേ മാരകമായ കോവിഡ് വ്യാപനം മൂലം പണി തുടങ്ങുവാൻ സാധിച്ചില്ലെന്നും ആയതിനാൽ പൂർത്തീകരണ കാലയളവ് 20.03.2021 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് 25.2.2020ൽ കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. ആയതനുസരിച്ച് എൽ.എസ്.ജി.ഡി അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയനുസരിച്ച് 18.01.2021ലെ 1(17) നമ്പർ തീരുമാനപ്രകാരം ഫൈൻ ഒഴിവാക്കി കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. തുടർന്ന് ഫൈൻ ഒഴിവാക്കി നൽകിയിട്ടുണ്ട്. 29.2.2020 നുള്ളിൽ പൂർത്തിയാക്കേണ്ട പ്രവൃത്തി തുടങ്ങാനിരിക്കേ കോവിഡ് മൂലം തുടങ്ങുവാൻ സാധിച്ചില്ല എന്ന് കരാറുകാരൻ പറഞ്ഞിരിക്കുന്നത് 25.2.2020-ലെ അപേക്ഷയിലാണ്. അതായത് പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന നിമിഷം വരെ യാതൊരു കാരണവുമില്ലാതെ പ്രവൃത്തി ആരംഭിച്ചുപോലുമില്ലെന്നാണ് വ്യക്തമാകുന്നത്. തന്നെയുമല്ല 23.3.2020-ൽ ആണ് രാജ്യത്ത് 24.3.2020 മുതൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. ലോക്ക് ഡൗൺ നിലവിൽ വരുന്നതിന് മുമ്പേതന്നെ പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി ലോക്ക്ഡൗൺ മൂലം തുടങ്ങുവാൻ സാധിച്ചില്ല എന്ന കരാറുകാരന്റെ വാദഗതി അംഗീകരിക്കാവുന്നതല്ല. തന്നെയുമല്ല യുക്തിരഹിതമായ വാദഗതിയുടെ മേൽ ശുപാർശ നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടിയും ന്യായീകരിക്കാവുന്നതല്ല. പ്രവൃത്തിയുടെ പൂർത്തീകരണം അനാവശ്യമായി നീണ്ടുപോകുന്നതിന് ഇത്തരം നടപടികൾ കാരണമാകുന്നു. മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/3.1.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-24 ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ CGST Act 2017ലെ വകുപ്പ് 51 (1), SGST Act 2017ലെ വകുപ്പ് 51(1) എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധികരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% തുക GST ഇനത്തിൽ സ്രോതസിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം ജി.എസ്.ടി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട GST (2%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | RC/292191 കോക്കംപാടം പരവഞ്ചേരി റോഡ് കോൺക്രീറ്റിംഗ് റീച്ച് 2 | മധുസൂദനൻ | 360580 | 7212 | 29.10.2020 |
| 2 | RC/292190 കോക്കംപാടം പരവഞ്ചേരി റോഡ് കോൺക്രീറ്റിംഗ് റീച്ച് 1 | മധുസൂദനൻ | 365671 | 7313 | 15.10.2020 |
| 3 | RC/292197 | മധുസൂദനൻ | 391833 | 7837 | 29.10.2020 |

| | | | | | |
|---|---|---|---|---|---|
| | വാത്യാറ റോഡ് കോൺക്രീറ്റിംഗ് | | | | |
| 4 | RC/292186 വല്യാറ ചിറത്തറ റോഡ് കോൺക്രീറ്റിംഗ് | യോഹന്നാൻ ടി.വി | 289260 | 5785 | 29.10.2020 |
| 5 | RC292179 ഉമാദേവിക്ഷേത്രം മുതൽ വർഗ്ഗീസിന്റെ വീട് വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് 1 | റെജിമോൻ ഏലിയാസ് | 405096 | 8102 | 24.9.20 |
| 6 | RC292183 പ്രാമിയിൽ ചാമ റോഡ് കോൺക്രീറ്റിംഗ് റീച്ച് 2 | റെജിമോൻ ഏലിയാസ് | 321770 | 6535 | 24.9.20 |
| 7 | RC292182 പ്രാമിയിൽ ചാമ റോഡ് കോൺക്രീറ്റിംഗ് റീച്ച് 1 | റെജിമോൻ ഏലിയാസ് | 291247 | 5825 | 24.9.20 |
| 8 | RC292210 രാജി ഭവനം മുതൽ86 നമ്പർ അംഗൻവാടി വരെ റോഡ് കോൺക്രീറ്റിംഗ് | പി.ജെ.ജോസഫ് | 409896 | 8198 | 31.3.21 |
| 9 | RC292208 ലൂർദ്ദ് മാതാ ചർച്ച് മുതൽ ആര്യാടംപാക്കചിറ വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച്2 | യോഹന്നാൻ വർഗ്ഗീസ് | 353700 | 7074 | 16.5.20 |
| 10 | RC292211 രാജി ഭവനം മുതൽ 86 നമ്പർ അംഗൻവാടി വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് 2 | പി.ജെ.ജോസഫ് | 406286 | 8126 | 15.10.20 |
| 11 | RC292210 18ൽചിറ മുതൽ 40 ചിറ വരെ റോഡ് കോൺക്രീറ്റിംഗ് | പി.ജെ.ജോസഫ് | 330932 | 6619 | 31.3.21 |
| 12 | RC292215 പി.ഡബ്ല്യൂ.ഡി മുതൽ മൃഗാശുപത്രി വരെ റോഡ് | മധുസൂദനൻ | 399962 | 7999 | 30.3.21 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് റീച്ച്2 | | | | |
| 13 | RC292215 പി.ഡബ്ല്യൂ.ഡി മുതൽ മൃഗാശുപത്രി വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് 1 | മധുസൂദനൻ | 411286 | 8226 | 30.3.21 |
| 14 | RC291627 പഴീക്കൽ മുതൽ മാധവൻപാക്ക വരെ റോഡ് കോൺക്രീറ്റിംഗ് | രാജേഷ് പി.എച്ച് | 399752 | 7995 | 16.10.20 |
| 15 | RC292208 ലൂർദ്ദ് മാതാ ചർച്ച് മുതൽ ആര്യാടംപാക്കചിറ വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് 1 | യോഹന്നാൻ വർഗ്ഗീസ് | 354116 | 7082 | 18.11.20 |
| 16 | RC292206 വരാപ്പുഴ മുതൽ കണിയാമ്പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് | യോഹന്നാൻ വർഗ്ഗീസ് | 267555 | 5351 | 16.6.2020 |
| 17 | RC291627പഴീക്കൽ മുതൽ മാധവൻപാക്ക വരെ റോഡ് കോൺക്രീറ്റിംഗ് റീച്ച് 2 | രാജേഷ് പി.എച്ച് | 394749 | 7895 | 16.10.20 |
| | ആകെ | | | 123174/- | |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/4.1.2022) ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് തുക ഈടാക്കി ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-25 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

വർക്ക് കോഡ്- RC/292217

കാപ്പിൽചിറ കൃഷ്ണപുരം കുളിക്കടവ് റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ-117057

മെറ്റീരിയൽ സപ്ലൈ കരാറുകാരൻ- രാജേഷ് പി.എച്ച്

അളവ് പുസ്തകം നമ്പർ 92/20-21, ആകെ മൂല്യം-111237/-

ഫണ്ട് ട്രാൻസ്ഫർ ചെയ്ത തീയതി-31.3.21

കാപ്പിൽചിറ കൃഷ്ണപുരം കുളിക്കടവ് റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ അളവ് പുസ്തകം പുറം 2 പ്രകാരം 23.797$m^3$ ഗുഡ് എർത്ത് സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ആയത് 23.658$m^3$ ൽ പരിമിതപ്പെടുത്തി 1093.224/$m^3$ നിരക്കിൽ 25863/-രൂപ നൽകിയിട്ടുണ്ട്. മേൽസൂചിത സ്റ്റാക്ക് മെഷർമെന്റിൽ നിന്നും (ടേപ്പ് കറക്ഷൻ/കൺസോളിഡേഷന് വേണ്ടി) 10% കുറവ് ചെയ്തിട്ടില്ല. ഇപ്രകാരം 10% കുറവ് ചെയ്തശേഷം മൂല്യനിർണ്ണയത്തിന് കണക്കാക്കാവുന്ന അളവ്

21.42$m^3$ മാത്രമാണ്. എന്നാൽ ഇപ്രകാരം കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നത് മൂലം (23.658-21.42), 2.238$m^3$, 1093.224/$m^3$ നിരക്കിൽ 2447/-രൂപ അധികം നൽകിയിട്ടുണ്ട്. അധികം 2447/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (22/4.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-26 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഡിസ്പ്ലേ ബോർഡ് തുക നൽകുന്നതിലെ അപാകതകൾ.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ വിവിധ പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാർക്ക് തന്നെ ഡിസ്പ്ലേ ബോർഡിന്റെയും വില നൽകിയിട്ടുള്ളതായി കാണുന്നു. ഡിസ്പ്ലേ ബോർഡുകൾക്ക് പ്രത്യേകം ക്വൊട്ടേഷൻ ക്ഷണിക്കാതെ 5000/- എന്ന നിരക്കിൽ ബോർഡുകൾക്ക് നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

1.വർക്ക് കോഡ്- RC/292182

പ്രാമിയിൽ - ചാമ റോഡ് കോൺക്രീറ്റിംഗ് റീച്ച് 1

അടങ്കൽ-361941

കരാറുകാരൻ- റെജിമോൻ ഏലിയാസ്

ഡിസ്പ്ലേ ബോർഡ് വില 5000/-

2. വർക്ക് കോഡ്- RC/292217

കാപ്പിൽചിറ കൃഷ്ണപുരം കുളിക്കടവ് റോഡ് കോൺക്രീറ്റിംഗ്

ഡിസ്പ്ലേ ബോർഡുകൾക്ക് മത്സരാധിഷ്ഠിത ക്വൊട്ടേഷനുകൾ ക്ഷണിക്കാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (21/4.1.22) ലഭ്യമാക്കിയ മറുപടിയിൽ ഡിസ്പ്ലേ ബോർഡുൾപ്പെടെയാണ് മെറ്റീരിയൽ ക്വട്ടേഷൻ ക്ഷണിക്കുന്നതെന്നറിയിച്ചു. എന്നാൽ ഫയലുകളിൽ റോഡ് കോൺക്രീറ്റിംഗിനുള്ള മെറ്റീരിയൽ സപ്ലൈക്ക് മാത്രമാണ് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത്. അതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഡിസ്പ്ലേ ബോർഡുകൾക്ക് പ്രത്യേകം മത്സരാധിഷ്ഠിത ക്വൊട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികം തുക നൽകി

പ്രോജക്ട് നമ്പർ- 0190/21

83-ാം നമ്പർ അംഗൻവാടി മെയിന്റനൻസ്

അടങ്കൽ-150000 മെയിന്റനൻസ് ഗ്രാന്റ്.

കരാറുകാരൻ- പി.മധുസൂദനൻ

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ 83-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 54.9% കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനപ്പെടുത്തിയാണ്. ഉയർന്ന കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനപ്പെടുത്തി എസ്റ്റിമേറ്റ് കണക്കാക്കുന്ന പ്രവൃത്തികൾക്ക് ആകെ മൂല്യത്തോടൊപ്പം 12% ജി.എസ്.ടി പ്രത്യേകം ഉൾപ്പെടുത്തി കരാറുകാർക്ക് നൽകേണ്ടതില്ല. ഈ പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 133235/-രൂപയാണ്. ആദ്യത്തെ ഭാഗിക ബിൽ പ്രകാരം (ബിൽ നമ്പർ 58/26.3.19), 116831/-രൂപയും ഫൈനൽ ബിൽ തുകയായ 16311/-രൂപയോടൊപ്പം 12% ജി.എസ്.ടി ഉൾപ്പെടെ ബിൽ നമ്പർ 68/31.3.21 പ്രകാരം 18268/-രൂപയും പിൻവലിച്ചിട്ടുണ്ട്. അതായത് 1957/-രൂപ (16311x12%), അധികം പിൻവലിച്ച് കരാറുകാരന് നൽകി. ഇപ്രകാരം അധികം പിൻവലിച്ച തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (15/3.1.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-28 മെറ്റീരിയൽ സപ്ലൈ ചെയ്തതിനേക്കാൾ കൂടുതൽ അളവിൽ പ്രവൃത്തി നടത്തി- അധിക ചെലവ്

1. വർക്ക് കോഡ്- RC/292183

പ്രാമിയിൽ - ചാമ റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ-389901

കരാറുകാരൻ- റെജിമോൻ ഏലിയാസ്

2020-21 ൽ നടപ്പിലാക്കിയ പ്രാമിയിൽ -ചാമ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 18/20-21 പ്രകാരം 81 മീറ്റർ നീളത്തിൽ ശരാശരി 3.15 മീറ്റർ വീതിയിൽ 0.10 മീറ്റർ കനത്തിൽ 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 34.07$m^3$ ചെയ്തിട്ടുണ്ട്. ആയത് എസ്റ്റിമേറ്റ് അളവായ 32.85$m^3$ ൽ പരിമിതപ്പെടുത്തി 5898.52/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. 32.85$m^3$ 1:4:8 അനുപാതത്തിൽ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.65$m^3$ എന്ന നിരക്കിൽ 21.35$m^3$, 40mm മെറ്റൽ ആവശ്യമാണ്. മെറ്റീരിയൽ സ്റ്റാക്ക് രജിസ്റ്റർ പുറം 17 പ്രകാരം ഈ പ്രവൃത്തിക്കായി 16.24$m^3$, 40mm മെറ്റൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ആയതിന് 2300/$m^3$ നിരക്കിൽ 37352/-കരാറുകാരന് നൽകിയിട്ടുണ്ട്. അതുപോലെ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ ലഭ്യമാക്കിയിട്ടുള്ള ബിൽ പ്രകാരം (ഇൻവോയ്സ്-BB/434/27.5.2020 ലക്ഷ്വറി സാന്റ് കേരള പ്രൈവറ്റ് ലിമിറ്റഡ് എറണാകുളം) 16m3, (565cft) 40mmമെറ്റലാണ് സപ്ലൈ ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്താൽ 15.02m3 മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ 15.02$m^3$ മെറ്റലുപയോഗിച്ച് 1:4:8 അനുപാതത്തിൽ കോൺക്രീറ്റിംഗ് ചെയ്യാവുന്ന അളവ് 23.10$m^3$ മാത്രമാണ്. (അതായത് 73.33 മീറ്റർ നീളം മാത്രം) അതിനാൽ 40mm മെറ്റലിന്റെ വിലയിനത്തിൽ (16.24-15.02), 1.22m3 X 2300/$m^3$ =2806/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് മെറ്റീരിയൽസ്, കൂലിച്ചെലവ് എന്നിങ്ങനെ (32.85$m^3$ – 23.10$m^3$), 9.75$m^3$ ന് 4403.52/$m^3$ നിരക്കിൽ (1:4:8 CC 1M3ന്റെ നിരക്കിൽ നിന്നും 1$M^3$ CC ചെയ്യുന്നതിനാവശ്യമായ 0.65$m^3$, 40mm മെറ്റൽ വില കുറവ് ചെയ്ത്) 42934/- രൂപയുൾപ്പെടെ ആകെ 45740/-അധികം ചെലവഴിച്ചിട്ടുണ്ട്.

ആകെ മൂല്യം 352970/-

2.RC292206 വരാപ്പുഴ മുതൽ കണിയാമ്പറമ്പ് വരെ റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ-316071,

കരാറുകാരൻ- യോഹന്നാൻ വർഗ്ഗീസ്

അളവ് പുസ്തകം 19/2-21, ആകെ മൂല്യം 316071/-

ഈ പ്രവൃത്തിയുടെ 3-ാം ഇനമായി 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 30.36$m^3$ ചെയ്തിട്ടുണ്ട്. ആയത് 27.526$m^3$ൽ പരിമിതപ്പെടുത്തി മൂല്യനിർണ്ണയം നടത്തി തുക നൽകിയിട്ടുണ്ട്. ഇത്രയും അളവ് പ്രവൃത്തി ചെയ്യുന്നതിന് ഘനമീറ്ററിന് 0.65$m^3$ നിരക്കിൽ 17.89$m^3$, 40mm മെറ്റൽ ആവശ്യമാണ്. എന്നാൽ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള ബിൽ പ്രകാരം 585 ക്യൂബിക് ഫീറ്റ് മെറ്റലാണ് സപ്ലൈ ചെയ്തിട്ടുള്ളത്. അതായത് 16.56$m^3$മെറ്റൽ മാത്രം. ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്താൽ 15.32$m^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. എന്നാൽ 17.89$m^3$ മെറ്റലിന് 2300/$m^3$ പ്രകാരം 42247 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ആകെ 153.8 മീ. നീളത്തിൽ ശരാശരി 1.97 മീ. വീതിയിൽ 0.10 മീ. കനത്തിൽ 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 15.32$m^3$ മെറ്റലുപയോഗിച്ച് ശരാശരി 1.97 മീ. വീതിയിൽ 0.10 മീ കനത്തിൽ 1:4:8 സിമന്റ് കോൺക്രീറ്റിംഗ് 119.64 മീറ്റർ നീളത്തിൽ ആകെ 23.57$m^3$ മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതിനാൽ 40mm മെറ്റലിന്റെ വിലയിനത്തിൽ (17.89-15.32), 2.57$m^3$ X 2300/$m^3$ =5911/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

കൂടാതെ മറ്റ് മെറ്റീരിയൽസ്, കൂലിച്ചെലവ് എന്നിങ്ങനെ (27.526$m^3$ – 23.57$m^3$), 3.956$m^3$ന് 4403.52/$m^3$ നിരക്കിൽ (1:4:8 CC 1M3ന്റെ നിരക്കിൽ നിന്നും 1$M^3$ CC ചെയ്യുന്നതിനാവശ്യമായ 0.65m3, 40mm മെറ്റൽ വില കുറവ് ചെയ്ത്) 17420/- രൂപയുൾപ്പെടെ ആകെ 23331/-അധികം ചെലവഴിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ചവിധം അധികം ചെലവഴിച്ച (23331+45740), 69071/-രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (20/4.1.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-29 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.32 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര്: കന്നുകുട്ടി പരിപാലനം

അടങ്കൽ -വികസന ഫണ്ട് : 160000/-രൂപ

തനത് ഫണ്ട്- 2500/-

സംസ്ഥാനാവിഷ്കൃത ഫണ്ട്- 162500

മറ്റുള്ളവ- 325000/-രൂപ

ചെലവ്:- 162500/-രൂപ (1.ബിൽ റെഫറൻസ് നം.190604520193013462333തീ.11.04.2020-160000)

2.ചെക്ക് നം. 2783710തീ.12.03.2020-2500)

നിർവഹണം:- വെറ്ററിനറി സർജൻ

കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിലേക്കായി പദ്ധതി പ്രകാരം 162500/-രൂപ ആലപ്പുഴ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീയതി 29.12.2021) പ്രോജക്ട് നാളിതുവരെയായും പൂർത്തീകരിച്ചിട്ടില്ലായെന്ന മറുപടി നല്കി. മറുപടിയോടൊപ്പം നാളിതുവരെ വിനിയോഗിച്ച തുകയ്ക്കുള്ള (99160/-രൂപ) സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തു. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക (63340/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 സെക്രട്ടറി നിർവഹിച്ച പദ്ധതികൾ രേഖകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച്

1.പ്രോജക്ടിന്റെ പേര് : കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുക നല്കൽ

പ്രോജക്ട് നം. : 3/2021

അടങ്കൽ : വികസനഫണ്ട് - 300000/-രൂപ

ചെലവ് : 300000/- രൂപ (ട്രഷറി ബിൽ നം.25 തീയതി 28.05.2020)

നിർവഹണം: സെക്രട്ടറി

നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ തുക നല്കൽ എന്ന പദ്ധതി പ്രകാരം 3,00,000/- രൂപ മേൽ ട്രഷറി ബിൽ പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. തീ. ) മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (300000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2.പ്രോജക്ടിന്റെ പേര് : ഐ.കെ.എം വിഹിതം നല്കൽ

പ്രോജക്ട് നം. : 2/2021

അടങ്കൽ : വികസനഫണ്ട് - 150000/-രൂപ

ചെലവ് : 150000/- രൂപ (ട്രഷറി ബിൽ നം26 തീ.28.05.2020)

നിർവഹണം: സെക്രട്ടറി

നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ ഐ.കെ.എം വിഹിതം നല്കൽ എന്ന പദ്ധതി പ്രകാരം 150000/- രൂപ മേൽ ട്രഷറി ബിൽ പ്രകാരം ഇൻഫർമേഷൻ കേരള മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത് എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. തീ. ) മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (150000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3.പ്രോജക്ടിന്റെ പേര് : പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവുകൾ

പ്രോജക്ട് നം. : 01/2021

അടങ്കൽ: വികസന ഫണ്ട്- 159016/- രൂപ

തനത് ഫണ്ട് - 40984/-രൂപ

ചെലവ് : വികസന ഫണ്ട്- 159016/- രൂപ

തനത് ഫണ്ട്- 10995/-രൂപ

(1.ട്രഷറി ബിൽ നം.34 തീയതി 07.09.2020- 5166/-രൂപ

2.ട്രഷറി ബിൽ നം.43 തീയതി 08.01.2021- 41770/-രൂപ

3.ട്രഷറി ബിൽ നം.46 തീയതി 13.01.2021- 14300/-രൂപ

4.ട്രഷറി ബിൽ നം.52 തീയതി 06.03.2021- 76275/-രൂപ

5.ട്രഷറി ബിൽ നം.56 തീയതി 23.03.2021- 21505/-രൂപ

6.ചെക്ക് നം. തീയതി - 10995/-രൂപ)

നിർവഹണം: സെക്രട്ടറി

തൻവർഷം ഈ പദ്ധതി പ്രകാരം ആകെ 170011/-രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിനായി 150 പേരുടെ ഊണ് നല്കിയതിന് ജനകീയ ഹോട്ടലിന് നല്കാനുള്ള 9950/-രൂപയുടെ ബിൽ തുക മേൽ ക്രമ നം.4 ട്രഷറി ബിൽ പ്രകാരം പഞ്ചായത്തിന്റെ സൌത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറിയിട്ടിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ സ്ഥാപനത്തിന്റെ ബില്ല് കൈപ്പറ്റ് രസീത് എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/04.01.2022) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക (9950/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ആദ്യഘട്ടം ചെലവ് ചെയ്ത പ്രോജക്ടുകൾ - പ്രോജക്ട് റിവിഷനിൽ ഉൾപ്പെട്ടില്ല

1. പ്രോജക്ടിന്റെ പേര് : കുടിവെള്ള വിതരണം

പ്രോജക്ട് നം. : 28/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - പ്രത്യേക ഉദ്ദേശ ഗ്രാന്റ് - 3357853/-രൂപ

ചെലവ് : 1298804/- രൂപ (1.ട്രഷറി ബിൽ നം32 തീ.26.08.2020- 198626/- രൂപ

2.ട്രഷറി ബിൽ നം.36 തീ.28.09.2020- 1100178/- രൂപ)

നിർവഹണം: സെക്രട്ടറി

മേൽ പദ്ധതിയ്ക്ക് ധനകാര്യ കമ്മീഷൻ അവാർഡ് -പ്രത്യേക ഉദ്ദേശ ഗ്രാന്റ് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. ഈ പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാവുകയും മേൽ ബില്ലുകൾ പ്രകാരം 1298804/- രൂപ ചെലവ് ചെയ്യുകയും ചെയ്തു. തുടർന്ന് ഈ പദ്ധതിയുടെ പ്രോജക്ട് റിവൈസ് ചെയ്ത് അടങ്കലിൽ മാറ്റം വരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി നല്കിയപ്പോൾ പ്രോജക്ട് അംഗീകരിക്കാതെ നിരസിക്കുകയുണ്ടായി. തന്മൂലം പ്രസ്തുത പ്രോജക്ടിൽ നിന്നുള്ള ചെലവുകൾ പഞ്ചായത്തിന്റെ തൻവർഷത്തെ പദ്ധതി ചെലവ് പത്രികയിൽ ഉൾപ്പെട്ടു വന്നിട്ടില്ല. നീലംപേരൂർ ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 31.08.2021-ലെ 5(1) തീരുമാന പ്രകാരം പ്രസ്തുത ചെലവിന് സാധൂകരണം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ സാധൂകരണം ലഭ്യമായിട്ടില്ല. അംഗീകാരം ലഭ്യമാവുന്നതു വരെ ഈ പദ്ധതിക്കായി ചെലവു ചെയ്ത 1298804/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് നല്കിയ അപേക്ഷയുടെ തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2.നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ തൻവർഷം താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രോജക്ടുകൾ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

| ക്രമ നം. | എ.സി.ആർ പ്രകാരമുള്ള പ്രോജക്ടിന്റെ പേര് പ്രോജക്ട് നം. | തുക | ഫണ്ട് | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ (178) | 35455 | വികസന ഫണ്ട് ജനറൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 2 | പഞ്ചായത്ത് | 204041 | ധനകാര്യ | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| | കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം (150) | | കമ്മീഷൻ അവാർഡ് | |
| 3 | ഫോർമേഷൻ ഓഫ് പുതിയറ റോഡ് (165) | 10573 | ധനകാര്യ കമ്മീഷൻ അവാർഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 4 | വില്ല്യാർവട്ടം പള്ളി റോഡ് ടാറിംഗ് (121) | 489812 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 5 | മെനവന്തറ ചിറയിൽ റോഡ് കോൺക്രീറ്റിംഗ് (169) | 49369 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 6 | തൈത്തറ തെക്കുട്ടിശ്ശേരി റോഡ് ഉയർത്തൽ (166) | 16012 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 7 | 3-ാം വാർഡിലെ വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് (170) | 26388 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | അസിസ്റ്റന്റ് എഞ്ചിനീയർ |

*മേൽ പ്രോജക്ടുകൾക്കെല്ലാം തന്നെ സാമ്പത്തിക വർഷമാദ്യം ഡി.പി.സി അപ്രൂവൽ നേടിയിരുന്നതാണെന്നും പിന്നീട് നടന്ന പ്രോജക്ട് റിവിഷനിൽ ഡ്രോപ്പ് ചെയ്യുകയാണുണ്ടായതെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു. തന്മൂലം ഈ പ്രോജക്ടുകളോ പ്രോജക്ടുകളുടെ ചെലവുകളോ പഞ്ചായത്തിന്റെ 2020-21-ലെ ചെലവ് പത്രികയിൽ ഉൾപ്പെട്ടു വന്നില്ല. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടി തുക ചെലവഴിച്ച പ്രോജക്ടുകൾ പ്രോജക്ട് റിവിഷനിൽ ഡ്രോപ്പ് ചെയ്യാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ്.*

## 1-32 കുടിവെള്ള വിതരണം അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം.494/2020/ത.സ്വ.ഭ.വ തീയതി 27.02.2020 പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ചെലവഴിക്കാവുന്ന പരമാവധി തുക നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ 31.03.2020 വരെ ചെലവഴിക്കാവുന്ന പരമാവധി തുക 5.50 ലക്ഷം രൂപയെന്നും, 01.04.2020 മുതൽ 31.05.2020 വരെ ചെലവഴിക്കാവുന്ന പരമാവധി തുക 11 ലക്ഷം രൂപയെന്നും നിശ്ചയിച്ചിരിക്കുന്നു. നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ സർക്കാർ നിർദേശാനുസരണം 01.04.2020 മുതൽ 31.05.2020 വരെ ചെലവഴിക്കാവുന്ന പരമാവധി തുകയേക്കാൾ അധികം തുക ചെലവഴിച്ചിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. തൻവർഷം രണ്ട് പദ്ധതികളിലായി ആകെ 1635428/-രൂപ (336624+1298804) ഈ കാലയളവിലെ കുടിവെള്ള വിതരണത്തിനായി ചെലവഴിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര് : കുടിവെള്ള വിതരണം

പ്രോജക്ട് നം. : 28/2021 (പദ്ധതി ചെലവ് പത്രികയിൽ ഈ ചെലവ് ഉൾപ്പെട്ടിട്ടില്ല)

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - പ്രത്യേക ഉദ്ദേശ ഗ്രാന്റ് - 3357853/-രൂപ

ചെലവ് : 1298804/- രൂപ (1.ട്രഷറി ബിൽ നം32 തീ.26.08.2020- 198626/- രൂപ

2.ട്രഷറി ബിൽ നം.36 തീ.28.09.2020- 1100178/- രൂപ)

പ്രോജക്ടിന്റെ പേര് : കുടിവെള്ള വിതരണം

പ്രോജക്ട് നം. : 267/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - - 340000/-രൂപ

ചെലവ് : 336624/- രൂപ (1.ട്രഷറി ബിൽ നം.50 തീ.06.03.2021- 11800/- രൂപ

2.ട്രഷറി ബിൽ നം53 തീ.10.03.2021- 288536/- രൂപ

3.ട്രഷറി ബിൽ നം.60 തീ.30.03.2021- 36288/- രൂപ)

സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിക്കാനുള്ള സാഹചര്യം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/04.01.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സർക്കാർ ഉത്തരവിലെ പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുകയേക്കാൾ അധികരിക്കുന്ന രീതിയിലുള്ള കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പാടില്ലായെന്ന് കർശനമായും ഉത്തരവിൽ നിർദേശിച്ചിരുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികമായി ചെലവഴിച്ച 535428/-രൂപയുടെ (1635248-1100000) ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-33 കുടിവെള്ള വിതരണം കരാറുകാരന് അധിക തുക അനുവദിച്ചത്

കുട്ടനാട് താലൂക്കിലെ കുടിവെള്ളക്ഷാമം നേരിടുന്ന വിവിധ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ദർഘാസ് ക്ഷണിച്ച് നിരക്ക് നിശ്ചയിച്ച് കുട്ടനാട് തഹസീൽദാർ ഉത്തരവിറക്കിയിട്ടുണ്ട് (നം.എ.12-1490 തീ.09.03.2020). 09.03.2020 മുതൽ ഈ നിരക്കുകൾക്ക് പ്രാബല്യം ഉണ്ട്. ആയത് പ്രകാരം 2000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യാൻ കഴിയുന്ന ചെറിയ വാഹനങ്ങൾക്ക് കിലോമീറ്ററിന് 30/-രൂപയായും 5000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യാൻ കഴിയുന്ന മിനി ലോറിക്ക് കിലോമീറ്ററിന് 45/-രൂപയായും നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ പ്രകാരം ജലവിതരണം നടത്തിയ കരാറുകാർക്ക് നല്കിയിട്ടുള്ള തുക മേൽ നിരക്കിനേക്കാൾ കൂടുതലാണെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്റ്റിന്റെ പേര് : കുടിവെള്ള വിതരണം

പ്രോജക്റ്റ് നം. : 28/2021 (പദ്ധതി ചെലവ് പത്രികയിൽ ഈ പ്രോജക്റ്റ് ഉൾപ്പെട്ടിട്ടില്ല)

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - പ്രത്യേക ഉദ്ദേശ ഗ്രാന്റ് - 3357853/-രൂപ

ചെലവ് : 1298804/- രൂപ (1.ട്രഷറി ബിൽ നം.32 തീയതി 26.08.2020- 198626/- രൂപ

2.ട്രഷറി ബിൽ നം36 തീ.28.09.2020- 1100178/- രൂപ)

| വാഹന നമ്പർ | കാലയളവ് | ഓടിയ ദൂരം | അനുവദിച്ച നിരക്ക് | അനുവദിച്ച തുക | അനുവദിക്കാവുന്ന നിരക്ക് | അനുവദനീയമായ തുക | അധികം നല്കിയ തുക |
|---|---|---|---|---|---|---|---|
| KL-33-D-686 | 02.04.2020 മുതൽ 07.04.2020 വരെ | 1313 | 34 | 44642 | 30 | 39390 | 5252 |
| KL-5-Y-2124 | 01.04.2020 മുതൽ 04.04.2020 വരെ | 1224 | 34 | 41616 | 30 | 36720 | 4896 |
| KL-41-A-6168 | 01.04.2020 മുതൽ 05.04.2020 വരെ | 1244 | 48 | 59712 | 45 | 55980 | 3732 |
| KL-22-A-6422 | 01.04.2020 മുതൽ 05.04.2020 വരെ | 1097 | 48 | 52656 | 45 | 49365 | 3291 |
| KL-5-Y-2124 | 13.04.2020 മുതൽ 21.04.2020 വരെ | 6957 | 34 | 236538 | 30 | 208710 | 27828 |
| KL-33-D-686 | 13.04.2020 മുതൽ 15.05.2020 വരെ | 4243 | 34 | 144262 | 30 | 127290 | 16972 |
| KL-41-A-6168 | 13.04.2020 മുതൽ 21.04.2020 വരെ | 6533 | 48 | 313586* | 45 | 293985 | 19601 |
| KL-22-A-6422 | 13.04.2020 മുതൽ | 3972 | 48 | 190656 | 45 | 178740 | 11916 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 14.05.2020 വരെ | | | | | | |
| KL-66-B-9944 | 13.04.2020 മുതൽ 14.05.2020 വരെ | 4482 | 48 | 215136 | 45 | 201690 | 13446 |
| | ആകെ | | | 1298804 | | 119870 | 106934 |

